# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപ്പറേഷൻ - തിരുവനന്തപുരം നഗരസഭയിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 3027/1-1 ൽപ്പെട്ട 3.04 സെന്റ് (123 ച.മീറ്റർ) സ്ഥലത്ത് ഇരുനിലകളിലായി പൂർത്തിയാക്കിയ 117.19 ച.മീറ്റർ വിസ്തീർണത്തിലുള്ള വാസഗൃഹം ക്രമവൽക്കരിക്കുന്നതിനായി ശ്രീ.ആനന്ദ് വിക്ടർ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം സമർപ്പിച്ച അപേക്ഷ – ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം:1852/2017/തസ്വഭവ തിരുവനന്തപുരം, തീയതി:05/06/2017**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. 14.02.2014 ലെ ജി.ഒ.(എം.എസ്)39/2014/തസ്വഭവ നമ്പർ ഉത്തരവ്
2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീ.ആനന്ദ് വിക്ടർ സമർപ്പിച്ച 09.05.2014 ലെ അപേക്ഷ.
3. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 17.12.2016 ലെ E10/65053/14 നമ്പർ കത്ത്.
4. മുഖ്യനഗരാസൂത്രകന്റെ 27.03.2017 ലെ ഡി3/12259/16/കെഡിസ് നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 20.05.2017 ലെ ഡി3/5416/2017/കെഡിസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 3027/1-1 ൽപ്പെട്ട 3.04 സെന്റ് (123 ച.മീറ്റർ) സ്ഥലത്ത് ഇരുനിലകളിലായി പൂർത്തിയാക്കിയ 117.19 ച.മീറ്റർ വിസ്തീർണത്തിലുള്ള വാസഗൃഹം ക്രമവൽക്കരിക്കുന്നതിനായി ശ്രീ.ആനന്ദ് വിക്ടർ സമർപ്പിച്ച പരാമർശം (3) -ലെ അപേക്ഷ പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിച്ചു. 2014 ലെ ക്രമവൽക്കരണ ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷ ടി ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നുണ്ട്. സാങ്ഷൻഡ് മാസ്റ്റർ പ്ലാൻ പ്രകാരം ഗ്രീൻസ്ട്രിപ്പിൽപ്പെടുന്ന നിർമ്മാണം ജില്ലാ ടൗൺ പ്ലാനറുടെ

P.T.O.

കൺകറൻസോടെ അനുവദനീയമാണെന്ന് റീജിയണൽ ടൗൺ പ്ലാനർ അറിയിച്ചിട്ടുള്ളതിനാൽ കെട്ടിടം ക്രമവൽക്കരിയ്ക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട നിർമ്മാണം, അനധികൃത നിർമ്മാണം ക്രമവത്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനാൽ, 64,495/-രൂപ (അറുപത്തി നാലായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ക്രമവൽക്കരണത്തിനുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി പരാമർശവിധേയമായ തിരുവനന്തപുരം നഗരസഭയിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 3027/1-1 ൽപ്പെട്ട 3.04 സെന്റ് (123 ച.മീറ്റർ) സ്ഥലത്ത് അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ ഇരുനിലയുള്ള 117.19 ച.മീറ്റർ വിസ്തീർണത്തിലുള്ള വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി ശ്രീ.ആനന്ദ് വിക്ടർ കോമ്പൗണ്ടിംഗ് ഫീസായി 64,495/-രൂപ (അറുപത്തി നാലായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) "0217 Urban Development – 60 other Urban Development Schemes – 800 other receipts – 91 Compounding fee for regularisation of unauthorised construction violating provisions of building rules" എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. മേൽ പരാമർശിച്ച തുക ടിയാൻ ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസങ്ങൾക്കകം സർക്കാർ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചലാൻ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും ആയതു ലഭിക്കുമ്പോൾ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014-ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ഹേമപ്രഭ.ഡി**

**ജോയിന്റ് സെക്രട്ടറി**

ശ്രീ.ആനന്ദ് വിക്ടർ, GNRA-B-16, ശ്രീവിലാസ് ലെയിൻ, കുറവൻകോണം, കവടിയാർ പി.ഒ., തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്).

ടൗൺ പ്ലാനർ, ടൗൺ & കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്.

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*